# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
# തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. ഉണ്ണികൃഷ്ണൻ.എസ്, ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ) - തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇ.എ1- 54500/16/ആ.വ.ഡ തീയതി 29.07.2017
2. മേലെഴുത്ത് കത്ത് നം. ഇ.ബി38757/2017/ആ.വ.ഡ തീയതി 02.08.2017

**ഉത്തരവ് നം. ഇ.എ1-54500/16/ആ.വ.ഡ തീയതി 16.08.2017**

ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൽട്ടന്റായ ഡോ. ഉണ്ണികൃഷ്ണൻ.എസ് -നെ ശൂന്യവേതനാവധിയിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി പഠനം പൂർത്തിയായ മുറയ്ക്ക് 01.08.2017 ൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പരാമർശം (1) പ്രകാരം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഡോ. ഉണ്ണികൃഷ്ണൻ.എസ് -ന്റെ പഠന കാലയളവ് 03.08.2017 വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്നും പരാമർശം (1) ലെ ഉത്തരവിൽ ടിയാന്റെ പേര് ഡോ. ഉണ്ണികൃഷ്ണൻ.എസ് എന്നതിനു പകരം ഡോ. ഉണ്ണികൃഷ്ണൻ.ആർ എന്നും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് ഡി.എം ഗാസ്ട്രോ എന്ററോളജി എന്നതിനു പകരം ഡി.എം കാർഡിയോളജി എന്നും തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതായി പരാമർശം (2) പ്രകാരം അറിയിച്ചിരിക്കുകയാണ്.

മേൽസാഹചര്യത്തിൽ ഡോ. ഉണ്ണികൃഷ്ണൻ.എസ് -ന്റെ പഠനകാലയളവ് 03.08.2017 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. പരാമർശം (1) ലെ ഉത്തരവിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള ഡോ. ഉണ്ണികൃഷ്ണൻ.ആർ എന്നത് ഡോ. ഉണ്ണികൃഷ്ണൻ.എസ് എന്നായും ഡി.എം കാർഡിയോളജി എന്നത് ഡി.എം ഗാസ്ട്രോ എന്ററോളജി എന്നായും തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടുകൂടി നിലനിൽക്കുന്നതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവികൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

ഒപ്പ്

**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. ഉണ്ണികൃഷ്ണൻ.എസ്, ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം)
2. ബന്ധപ്പെട്ട സൂപ്രണ്ടുമാർ
3. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്